അകലങ്ങൾ / എം പി പ്രതീഷ്

മുറിവിനുമീതെ, തുണിയ്ക്കും മാംസത്തിനുമിടയിൽ,
ചോരനനവുള്ള പഞ്ഞി, നിശ്ചലമായ സമയത്തെ
കേൾക്കുന്നു. ഇനിയുമെന്താണ് വരാനിരിക്കുന്നത്?
ഈ തൊലിഭിത്തിയ്ക്കപ്പുറം,
തങ്ങിനിൽക്കുന്നതെന്ത്?

ഭൂമിയുടെ ചർമ്മാവരണങ്ങളുടെ, ഛായകളുടെ,
സ്വരഭേദങ്ങളുടെ, സുഗന്ധമുള്ള വർണ്ണങ്ങളുടെയും,
താപനിലകളുടെയും, സൂക്ഷ്മമായ
അതിവർത്തനങ്ങളാണ് എനിക്ക്, കവിത.
എന്തുകൊണ്ടാണ് ഈ മീൻ ചത്തുപൊന്തിയത്?
കിളിക്കൂടുകൾ ഒഴിഞ്ഞുകിടക്കുന്നത്? എന്റെ
വാക്കുകൾ എവിടേയ്ക്കാണ് അപ്രത്യക്ഷമാകുന്നത്? ആ
മരത്തിന് പിന്നിൽ എന്താണ് ഒളിക്കുന്നത്?

ഞാൻ വരികൾ അദൃശ്യമാക്കുന്നു, പേജുകൾ
ശൂന്യമായി വിടുന്നു, അവ ഇനിയും
പ്രത്യക്ഷപ്പെടാത്തവയ്ക്ക് ഇടമൊരുക്കുന്നു,
കാത്തുനിൽക്കുന്നു. അസന്നിഹിതമായതിന്റെ
വലിപ്പക്കൂടുതൽ കാരണം ഞാൻ എന്റെ കവിതകളെ
കൂടുതൽക്കൂടുതൽ ചെറുതാക്കുന്നു. കാണാതാക്കുന്നു.

—എം.പി. പ്രതീഷ്

[1]

ഒന്നിന്മീതെയൊന്നായി നൂറു ശീലകൾ
എന്നിട്ടും ഞാനെന്നെക്കണ്ടെത്തുന്നു —ഉള്ളിലെക്കലകൾ

[2]

ഭൂമിയിൽ ദുഃഖം ലംബമായി സഞ്ചരിക്കുന്നു
മണ്ണിനടിയിൽ ഉടലിനടിയിൽ ഓർമ്മയ്ക്കടിയിൽ
വെള്ളത്തിനും വാക്കിനുമടിയിൽ
ദ്രവിക്കുന്ന എല്ലുകളിൽ ചെന്നുമുട്ടുന്ന പോറിയെഴുതുന്നു—

[3]

ഭ്രൂമിയുടെ പരിക്രമം—
ഈ മുറിവു കരിയുന്നു
എത്രകാലം കൊണ്ടാണ് മുറിവ് സൂര്യനെച്ചുറ്റുന്നത് ?

[4]

കാവിനും കുളത്തിനുമിടയിലെ നിൻറെ നിഴൽ—
കടപുഴകിയ മരം
അഴുകുന്ന പകലുകൾ

[5]

മുറിവിൽ നീ മരുന്നു വയ്ക്കുന്നു—
എല്ലാ ജന്മത്തിലുമതേ പച്ചില

[6]

നനയുന്ന പച്ചക്കായ്കളിൽ നനയുന്ന ഇരുളിൽ മേഘങ്ങളുടെ
ഇടവേളകളിൽ
—നീ വേർപെടുത്തുന്ന വെളിച്ചം

[7]

വെള്ളത്തിനടിയിൽ നിന്റെ ശബ്ദം ഇരിക്കുന്ന
മേൽപ്പരപ്പിന് മുകളിലേക്ക് ചെരിഞ്ഞെത്തുന്ന
വരികൾ വായിച്ച് ഞാൻ മറുപടി തരുന്നു —വലയങ്ങൾ,
അവയെ മുറിക്കുന്ന വലയങ്ങൾ

[8]

ഒരു മാളം സൂക്ഷിക്കുന്നു—
ഈ കവിതയ്ക്കടിയിൽ
വളർന്ന പൊന്തയ്ക്കൊപ്പം ശവക്കുഴികളിൽനിന്നുള്ള
രൂക്ഷഗന്ധം
എല്ലാ വാക്കിനെയും മറയ്ക്കുന്നു

[9]

—മേഘാന്തരനിശബ്ദതയിൽനിന്നു വേർപെട്ട കിളികൾ
ഇവിടെ വന്നു
മരങ്ങളിൽ പാർത്തു

[10]

ആറുനാൾ നടന്നു പിറ്റേന്ന്
ഈ നീർത്തടത്തിലെത്തുന്നു
ദുഃഖം വാർന്നുതെളിഞ്ഞ പാറകൾ നനയുന്നത് കാണുന്നു

[11]

പന്നലിന്റെ തെഴച്ചുരുൾ—
മെല്ലെ നിവർന്നു നേർവരയാവുന്നു
പ്രാചീനമായി ലിപികൾ

[12]

ഒഴിവിൽനിന്നു വാക്കുകൾ വരുന്നു— മേഘങ്ങളുടെ വേഗം
വെളിച്ചം കുറഞ്ഞ ചാരനിറത്തിൽ നീങ്ങാതെ
നിൽക്കുകയാണ്

[13]

കാറ്റിനുള്ളിൽ മരങ്ങൾ അവയുടെ ഉൾവശം കാട്ടിത്തന്നു
ഇലകൾക്കടിയിലെ മിന്നലുകൾ, അണയാത്ത തീയ്

[14]

അകലമാണ് നിൻറെ സ്വരം—
കിളികളതിൽ പോടു തിരയുന്നു
നനയാതെ കായ്മണികൾ പെറുക്കിവയ്ക്കുന്നു

[15]

കാടുകളുടെ ശബ്ദം
ഒഴിഞ്ഞ ഒച്ചിൻതോടിനുള്ളിൽ തങ്ങിനിൽക്കുന്നു
വിരലുകളെവിടെയാണ് ?

[16]

വെള്ളം നിന്നെയും മായ്ച്ചു—
പാറക്കെട്ടുകളുടെ ചെരിവിൽ
പറ്റിപ്പിടിച്ചുനിൽക്കുന്നു നിശബ്ദമായ നിറങ്ങൾ

[17]

എപ്പോഴും മടങ്ങിവന്നു—
തീയിൽനിന്നും കരിയിൽനിന്നും നിനക്ക് ശ്വാസമുണ്ടായി

[18]

ചാരം പോലെ മേഘാവരണം കിഴക്കുദിക്കിലേക്ക് നീങ്ങുന്നു
ഇടയ്ക്കിടെ തെളിയുന്ന
ചാരത്തിനു പിന്നിൽ നീ
ല

[19]

മരങ്ങളുടെ പൊത്തിൽ നിറയുന്ന മഴയിൽ താണുപോകുന്നു നീ
—ഉച്ചരിക്കുന്നവ

[20]

മുറിയിലെപ്പൊടി നീക്കൂ
മുറിവിലെ നിഴൽ നീക്കൂ
വെളിച്ചം മറയുകയാണല്ലോ

[21]

വെള്ളത്തിൽ താഴ്ത്തിപ്പിടിക്കുന്നു—
കരകൾ നിന്നിൽനിന്ന് വേർപെടുന്നതു കണ്ടു
കരകളിൽനിന്ന് കിളികളുടെ ഭാഷകൾ

[22]

നിൻറെ കുളമ്പടയാളങ്ങൾ
രാത്രി വരമ്പിൽ രഹസ്യലിപികൾ മായ്ക്കുന്നു

[23]

വെളിച്ചത്തിന്റെ ആകൃതി
പുറംകടലിൽ രാത്രിയുടെ ദിക്കുകൾ മേഘങ്ങൾക്കുള്ളിൽ
മറയുന്നു

[24]

പുൽപ്പരപ്പിൽ മൃഗങ്ങൾ നോക്കിനിൽക്കുന്നു —വെള്ളം
കണ്ണാടിയല്ല വാക്കുകൾ

[25]

രണ്ടായി മുറിഞ്ഞ കര—
തൊലിയിൽ ഒട്ടിനിൽക്കുന്നു

[26]

നിലവറയ്ക്കുള്ളിൽ വലിച്ചെറിഞ്ഞ കളിപ്പാട്ടങ്ങൾക്കുമേൽ
വീഴുന്ന പൊടിയിൽ —ഗ്രഹണങ്ങൾ

[27]

പാറ്റകൾക്കു ചിറക്
പ്രാണനുടൽ
പാറകളിലേകാന്തത—

[28]

കല്ലിൻറെ പ്രതലത്തിൽ തങ്ങിനിൽക്കുന്ന പായൽ
ആറുദിക്കിലും മരണങ്ങൾ

[29]

കമ്പുകൾ തകരുന്നു—
പുലരുന്നതു വരെ മഴയത്ത് വൃക്ഷങ്ങൾ ഉണർന്നിരിക്കുന്നു

[30]

കാട്ടുകൾ നനയുന്നു—
എഴുതിയതെല്ലാം മാഞ്ഞുപോയി പ്രാണികൾ മടങ്ങിവന്ന്
ഓർക്കാൻ തുടങ്ങുന്നു

[31]

ഇരുണ്ട മേഘങ്ങൾ—
ഇരുളിലൂടെ നീങ്ങിയകന്നു മരിച്ചുപോയവർ
പ്രാണനുള്ളവയ്ക്കായി ഒഴിച്ചിടുന്ന സ്ഥലം

[32]

ഇലകളിലെ സുഷിരം പുഴുവിന്റെ വാക്ക് മൗനമായി
ശലഭത്തിലേക്ക് നീങ്ങുമ്പോൾ അതുച്ചരിക്കുന്നതു നാം
കേൾക്കുകയില്ല —കലർന്ന നിറങ്ങൾ കേൾക്കുന്നു

[33]

ദേശാടനക്കിളികൾ മടങ്ങിപ്പോകുന്നു—
നാം മറ്റൊരു നക്ഷത്രരാശിയുടെ ചെരിവിലേക്കു നീങ്ങി
കണ്ണുപൂട്ടിക്കിടക്കുന്നു

[34]

വെള്ളത്തിലും കരയിലും നിന്റെ നിറങ്ങൾ ഉടലോ വെളിച്ചമോ അതു കാട്ടിത്തരുന്നു ?

[35]

മിന്നാമിനുങ്ങ് ഇടയ്ക്കിടയ്ക്ക് അണയുന്നു അപ്പോഴെല്ലാം നാം
ഭൂമിയെ ഒരു മിന്നൽ പോലെ കാണുന്നു
—മറന്നുപോകുന്നു

[36]

കാറ്റുകൾ അദൃശ്യമാകുന്നു—
വെള്ളത്തിൻറെ നിഴലിലൂടെ
എരിയുന്ന കാട്ടുതീ കാണുന്നു

[37]

വെള്ളത്തിൽനിന്ന് കരയിലേക്കു വന്നപ്പോൾ ചെകിളയും
തുഴയും ഉടലൊഴിഞ്ഞു
ഈ തോടിനു പുറത്ത് വെള്ളത്തിൻറെ വലയങ്ങൾ
ഓർത്തു—

[38]

മരങ്ങളിൽനിന്ന് ഇരുട്ടു കിനിഞ്ഞു
പ്രാണൻ ഉടലിൽവന്നിരിക്കുന്നു—

[39]

കൂട്ടുകളുടെ നിഴൽ നോട്ടുബുക്കിൽ വീഴുന്ന വാക്കുകളുടെ
ഭാരത്താൽ ചില്ലകൾ ഉലയുന്നു

[40]

വെള്ളം ഓർമ്മിക്കാൻ പറയുന്നു
ഞാൻ ചതുപ്പിനരികിലെ മൃഗത്താരകൾ ഓർമ്മിക്കുന്നു

[41]

ഓർമ്മക്കൂടുതൽ കൊണ്ട് പുഴവെള്ളം എപ്പോഴും
പാറക്കല്ലുകളെക്കാൾ ഉയരത്തിൽ ഒഴുകി

[42]

പാടം മൂടിയ മഴ—
ഉപ്പുവെള്ളത്തിൽ എൻറെ കാൽപാദങ്ങൾ താഴ്ത്തി
വച്ചിരിക്കുന്നു
സന്ധ്യയ്ക്കും രാത്രിക്കുമിടയിൽ
മുറിച്ചിട്ട പനയിലൂടൊരാൾ തോടുകടക്കുന്നു

[43]

നക്ഷത്ര ഗണങ്ങളേക്കാൾ അടുത്ത്
ഈ മേഘങ്ങൾ ഈ നിഴലുകൾ
എത്ര അകലെനിന്നാണ് ഈ രാത്രി ഇവിടെയെത്തുന്നത്

[44]

കാട്ടുതീ ശലഭങ്ങളെ മായ്ക്കുന്നു—
ആറിയ കരിമണ്ണ് അവയെ ഉയിർപ്പിക്കുന്നു—

[45]

അദൃശ്യമായ തീയ്
ഉടലിൽ വന്നുകൊള്ളുന്നു
ദൂരത്ത് നോക്കിയിരിക്കുമ്പോൾ അതണയുകയായി

[46]

കല്ലുകളിൽ പ്രാണികൾ വന്നിരിക്കുന്ന അവയുടെ മാളങ്ങളും കൂടുകളും ഭൂമിയുടെ മറുഭാഗത്തായിരുന്ന

[47]

വെള്ളത്തിൻറെ തൊലിയിൽ ഇലകൾ വീഴുന്നു
വെള്ളത്തിന്റെ ഉള്ളിൽ ഭാരമുള്ള വൃക്ഷങ്ങൾ വീഴുന്നു

[48]

വെള്ളത്തിന്റെ സുഷിരങ്ങൾക്കുള്ളിൽ നാം പാർക്കുന്നു
പ്രകാശത്തിലും നിഴലിലും നാരുകൾ

[49]

ഒരു പാട്ടുപോലെ പ്രാണൻ പാറക്കെട്ട് മൂടുന്ന തോട്ടുവെള്ളം
അവയെ ചുറ്റിയൊഴുകുന്നു

[50]

അകലെയാണെന്ന് തോന്നുന്ന എപ്പോഴും— വീഴുന്ന പ്ലാവില
വളർത്തുമൃഗങ്ങൾ
മരങ്ങളിലെ പൊത്തുകൾ

[51]

ഭൂതകാലത്തെ ദിക്കുകളും നേരങ്ങളും പൂപ്പലിന്റെ പടരുന്ന വേരുകൾ

[52]

പൂക്കളിൽനിന്നും വെളിച്ചം പുറപ്പെട്ടു
കല്ലുകളെ തേനീച്ചകൾ പൊതിയുന്ന
പകൽനേരങ്ങൾ നിഗൂഢമായിക്കൊണ്ടിരുന്നു

[53]

നൂറ്റാണ്ടുകൾക്ക് മുമ്പ് വംശമറ്റുപോയ കിളി ഇവിടെ
വന്നിരിക്കുന്നു
അതിനു ശബ്ദമില്ല നിറവും ആകൃതിയുമില്ല
ഒരു പുഴുവെ കൊത്തിത്തിന്ന് ഇലകൾക്കുള്ളിൽ മറഞ്ഞു

[54]

മരങ്ങളുടെ മേൽത്തലപ്പിൽച്ചെന്നു മടങ്ങിവന്നു മണ്ണിൽ വീഴുന്നു
കല്ലിലും ഉച്ചയിലും ചോര പൊടിയുന്നു

[55]

കുളമ്പടയാളങ്ങൾ പിന്തുടർന്നു ചതുപ്പുനിലത്തിന്റെ കരയ്ക്ക്
നീർമരങ്ങളുടെ കനം
—പാതകൾ മറഞ്ഞു

[56]

ക്കുണകളുടെ താരാഗണം ചില്ലകളിലെല്ലാം വിദൂരത—

[57]

പൊത്തുകൾ ഒഴിഞ്ഞിരുന്നു
ഭ്രമിക്ക് കയറിനിൽക്കാൻ വേണ്ടത്ര സ്ഥലമുണ്ട് ഇപ്പോൾ
മഴയത്ത്

[58]

പുഴുവിൽനിന്നു ശലഭം—
അതേ രാത്രിയുടെയുള്ളിൽ പലവട്ടം
മരിച്ചു പിറന്നു നാം

[59]

ചാരിയ വാതിലിനു പുറത്തും ഉള്ളിലും നിന്നെ കാത്തു നിൽക്കുന്നു

[60]

ശലഭം പുഴുവായി ഭ്രമിയോർക്കുന്നു

[61]

നേർത്ത പ്രകാശത്തിന്റെ ഉറവിടം—
കാറ്റിൽ ഉലയുന്ന ചുരുളിലകൾ കാണുന്ന ഉള്ളിലുറങ്ങുന്ന
പുഴുവെക്കാണുന്ന

[62]

കാറ്റുകൾ തീയിനെ ദൂരത്തേക്കു കൊണ്ടുപോകുന്നു
കാറ്റുകൾ കടലുപ്പുതരികൾ മലകളിലേക്ക് കൊണ്ടുപോകുന്നു
തീയിൽ എരിയുന്ന ഇറച്ചിക്ക് ചുറ്റുമിരുന്ന് നാം ഓരോ
ലിപിയും വായിക്കുന്നു

[63]

മറന്നവ മറവിയിലേക്കു വേഗത്തിൽ നീങ്ങി ദുഃഖത്തിന്റെ കോശങ്ങൾ പൊട്ടിപ്പിളർന്നു പെരുകുന്നു

[64]

ഓരോ നക്ഷത്രവും ഓരോ ആഴത്തിൽനിന്ന് എല്ലാ
മടക്കുകളിലും വീഴാതെ വെയിൽ മലഞ്ചെരിവുകൾ താണ്ടുന്നു

Akalangal/ അകലങ്ങൾ © 2025 by M P Pratheesh/ എം പി പ്രതീഷ് is licensed under Creative Commons Attribution-NonCommercial-NoDerivatives 4.0 International. To view a copy of this license, visit https://creativecommons.org/licenses/by-nc-nd/4.0/